# കേരളീയനവോത്ഥാനവും നാസ്തികത്വവും

**ഡോ. ഇന്ദുശ്രീ എസ്.ആർ.**
അസി. പ്രൊഫസർ, കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്

കൊളോണിയലിസം സൃഷ്ടിച്ച ആധുനികതയാണ് കേരളീയ നവോത്ഥാനത്തിന് തുടക്കമിട്ടതെന്ന് മിക്ക ചരിത്രകാരന്മാരും നിരീക്ഷിച്ചിട്ടുണ്ട്. പൈതൃകത്തെ കണ്ടെത്തി അടിവരയിട്ടു പ്രസ്താവിക്കുകയും കൃത്യമായ അതിരുകളിൽ സ്ഥാപിക്കുകയും ചെയ്യുന്നതാണ് ആധുനികതയെന്ന് വിലയിരുത്തിയിട്ടുണ്ടല്ലോ. ജാതീയമായ നിരവധി കള്ളികളിൽ കിടന്ന് ശ്വാസംമുട്ടിയിരുന്ന കേരളീയ സമൂഹത്തിൽ ശുദ്ധീകരണ പ്രവർത്തനങ്ങളായാണ് ഈ ഉത്ഥാനം ആരംഭിച്ചത്. ഭൂപ്രകൃതി, മതം, രാഷ്ട്രീയം മുതലായവയെല്ലാം മനുഷ്യനെ വേർതിരിക്കുന്നുണ്ടെങ്കിലും ജനതയിലുള്ള നാനാത്വത്തിലെ ഏകത്വം കണ്ടെത്തുന്നതിലാണ് ആധുനികതയുടെ യുക്തി. യുക്തിപരത, മാനവികത, സാർവ്വലൗകികത, ശാസ്ത്രീയത, ഫ്യൂഡൽ കുടുംബബന്ധങ്ങളുടെ തകർച്ച, നാഗരികത, ജ്ഞാനോദയം, സങ്കുചിതഭാവങ്ങളുടെ തിരസ്കാരം, മുതലാളിത്തത്തിന്റെ വ്യാപനം, മതേതര ബോധം, വ്യവസായ സംസ്കാരം, വായനയുടെ ജനകീയത തുടങ്ങിയവയൊക്കെ നവോത്ഥാന മൂല്യങ്ങളുടെ ഗണത്തിൽപ്പെടുന്നു. യുക്തിപരതയാണ് ആധുനികതയുടെ അടിസ്ഥാനമായി ഗണിക്കുന്നത്. പ്രത്യക്ഷമായി കാണുന്നതിനെ മാത്രം വിശ്വസിക്കുകയും യുക്ത്യനുസാരമായി മാത്രം പ്രപഞ്ചത്തെ വീക്ഷിയ്ക്കുകയും ചെയ്യുന്ന രീതി നവോത്ഥാന ചിന്തകരിൽ പ്രബലമായിത്തീർന്നു. യുക്തിചിന്തയുടെ ഫലമായാണ് നവോത്ഥാനകാല ദാർശനികരിൽ നാസ്തിക്യബോധം നിലകൊണ്ടിരുന്നത്. ഭാവനയെ കൂട്ടുപിടിക്കുന്ന, അന്ധവിശ്വാസജഡിലമായ ചെയ്തികളെ നിരോധിക്കുന്ന ചിന്തകളുടെ പ്രോത്സാഹനം ഓരോ ജാതി സമൂഹത്തിലും യുക്തിവാദികളെ സൃഷ്ടിച്ചു. വിചാരമണ്ഡലത്തിന്റെ വികാസം വൈകാരികമായ ഒരു വിപുലനംകൂടി

സൃഷ്ടിച്ചതിനാൽ മതാത്മകമൂല്യങ്ങൾക്ക് ഉപരിയായി സാർവ്വദേശീയമായ ചിന്തകൾക്ക് പ്രാമുഖ്യം ലഭിച്ചു. 'അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന്നു സുഖത്തിനായ് വരേണ'മെന്ന ഗുരുവചനത്തിലെ അപരോന്മുഖത്വം ആധുനികതയുടെ കാലഘട്ടത്തിലെ ശ്രദ്ധേയമായ ഒരു വളർച്ചയാണെന്നു കാണാം. ശാസ്ത്രത്തിന്റെ ഉയർച്ച കാര്യങ്ങളെ യുക്തിഭദ്രമായരീതിയിൽ നോക്കിക്കാണുന്നതിന് ജനനായകരെ സഹായിച്ചു. അച്ചടിശാലകളുടെ വ്യാപനം ജനതയുടെ സാക്ഷരതയെ (മധ്യവിഭാഗത്തിന്റെ) ഏറെക്കുറേ സ്വാധീനിച്ചു.

### നാസ്തികദർശനങ്ങളും ഭാരതവും

ഭാരതം ആധ്യാത്മികതയുടെ നാടായാണ് അറിയപ്പെടുന്നത്. പക്ഷെ ഭാരതീയ ദർശനങ്ങളിൽ ഏറിയപങ്കും നാസ്തികമാണെന്നുള്ളതാണ് വസ്തുത. ക്രി.മു ആറാം ശതകത്തിൽ എഴുതപ്പെട്ട ശ്വേതാശ്വതരോപനിഷത്തിൽ ഈശ്വരവാദത്തിനോടൊപ്പം ആകസ്മികത്വവാദത്തിനും സ്വഭാവ വാദത്തിനും സ്ഥാനംനല്കിയിട്ടുണ്ട്. പ്രപഞ്ചം തികച്ചും ഭൗതികമാണെന്നും സ്വാഭാവികമായാണ് അതു പിറവികൊണ്ടതെന്നും സ്വഭാവവാദത്തിൽ പറയുന്നു. ശാസ്ത്രത്തിന്റെ രീതിയിലാണ് സ്വഭാവവാദം കാര്യങ്ങൾ ഉൾക്കൊള്ളുന്നത്. ബൃഹസ്പതിയുടെ ലോകായതവും നാസ്തികദർശനങ്ങളിൽ പ്രമുഖമാണ്. മാധവാചാര്യൻ സർവദർശനസംഗ്രഹത്തിൽ ഇതിന്റെ പ്രാധാന്യം എടുത്തു പറഞ്ഞിട്ടുണ്ട്. ഭൗതികവസ്തുക്കൾ ഉണ്ടാകുന്നതിന്റെ അടിസ്ഥാനമായി ലോകായതം (ചാർവ്വാകമതം) പറയുന്നത് ഭൂമി, ജലം, തേജസ്, വായു എന്നീ നാലുകാരണങ്ങളാണ്. ഇവയുടെ വിവിധ അനുപാതത്തിലുള്ള കൂടിച്ചേരലാണ് പദാർത്ഥസൃഷ്ടിക്കുകാരണമാകുന്നതെന്ന് ഇക്കൂട്ടർ വാദിക്കുന്നു. പ്രപഞ്ചസൃഷ്ടിക്ക് ഈശ്വരൻ ആവശ്യമില്ലെന്നും അത് മിഥ്യയാണെന്നും ഇവർ പ്രസ്താവിക്കുന്നു. തീയ് ചൂടുള്ളതും വെള്ളം തണുത്തതും ആകുന്നു. കാരണം അവയുടെ സ്വഭാവം മാത്രമാണ്. ആരും അങ്ങനെ സൃഷ്ടിച്ചിട്ടില്ല. വേദങ്ങളും സ്വർഗ്ഗവും സന്യാസവും ഒക്കെ ഉദരനിമിത്തമാണെന്ന പരിഹാസവും ഇവർക്കുണ്ട്. ജൈനബുദ്ധമതങ്ങളും സാംഖ്യം പൂർവ്വമീമാംസ എന്നീ ദർശനങ്ങളും നിരീശ്വരവാദപരമാണ്.

നൂറ്റാണ്ടുകളായി നിലനിന്നിരുന്ന അധികം പ്രബലമല്ലാത്ത നാസ്തികചിന്ത നവോത്ഥാന കാലത്ത് ശക്തിപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് അന്വേഷിക്കേണ്ടതുണ്ട്. ആധുനികതയുടെ സ്വഭാവസവിശേഷതകളായി മുൻപറഞ്ഞ ഘടകങ്ങൾ എല്ലാംതന്നെ യുക്തിചിന്ത ബലപ്പെടാൻ സഹായകമായിത്തീർന്നിട്ടുണ്ട്. (വ്യവസായവത്കരണം,

ശാസ്ത്രബോധം, മതേതര ചിന്തകൾ മുതലായവ) മത , ശാസ്ത്രം എന്നിവ പ്രാകൃതസമൂഹത്തിലെ മാന്ത്രികവിദ്യയിൽ നിന്ന് ഉടലെടുത്തവയാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്. (ഡോ. എൻ. വി.പി ഉണിത്തിരി, ഭാരതീയ ദർശനത്തിന്റെ അറിയപ്പെടാത്ത മുഖം) "മതം അറിയാത്തതിന്റെ മുന്നിൽ മനുഷ്യന്റെ നിസ്സഹായത പ്രകടിപ്പിക്കുന്ന മാന്ത്രികവിദ്യയുടെ നിഷേധാത്മകവശത്തെ വികസിപ്പിച്ചപ്പോൾ ശാസ്ത്രം, അറിഞ്ഞതിന്റെമേൽ അവന്റെ ശക്തിയെ പ്രകടിപ്പിക്കുന്ന അതിന്റെ ക്രിയാത്മകവശത്തെ വളർത്തിയെടുത്തു." മതം വർഗ്ഗസ്വഭാവത്തെ നിലനിർത്താൻ ഉപകരിക്കുന്ന ഒന്നാണ്. മനുഷ്യനെ പറ്റിക്കുന്നതാണ് മതമെന്ന് തിരിച്ചറിഞ്ഞ പരിഷ്കരണവാദികൾ ശാസ്ത്രം നല്കുന്ന സ്വാതന്ത്ര്യത്തിന്റെ ലഹരി മനസ്സിലാക്കി.

അപൗരുഷേയവാദത്താൽ
ആത്മവഞ്ചന ചെയ്തിടും
മതങ്ങളെ തുരത്തുന്ന
സയൻസിന് തൊഴുന്നു ഞാൻ (സയൻസ് ദശകം)

വയലാറും മറ്റൊരു തരത്തിൽ തന്റെ നാസ്തികത പ്രകടമാക്കുന്നുണ്ട്.

വാകച്ചാർത്തണിയുന്ന വിഗ്രഹത്തിന്നല്ല
വാഗർത്ഥ സ്വരൂപിയാം കവിക്കെൻ പുഷ്പാഞ്ജലി എന്നാണത്.

ഈശ്വരനേക്കാൾ ഉയർന്നുനില്ക്കുന്ന മനുഷ്യസങ്കല്പം ആധുനികതയുടെ പ്രത്യേകതയാണ് മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ച പാട്ടുപോലെ ജനകീയമായ മറ്റൊരു നാസ്തികഗാനം കേരളത്തിൽ ഉണ്ടായിട്ടുണ്ടോ എന്നത് സംശയമാണ്. അറിവിന്റെ ഉല്പാദനം പാശ്ചാത്യ സമ്പദ് വ്യവസ്ഥയെ ആശ്രയിച്ചുനിന്നതിനാൽ പടിഞ്ഞാറൻ മൂല്യങ്ങളും കേരളത്തിൽ പ്രചരിച്ചു. മനുഷ്യനെ സംരക്ഷിക്കാൻ അതീതമായ ഒന്നും നിലനില്ക്കുന്നില്ലെന്നും അവനവന്റെ കപ്പിത്താൻ അവനവൻ തന്നെയാണെന്നുമുള്ള അറിവ് ഭൂരിഭാഗം പേർക്കും ഉണ്ടായി. അടിമയ്ക്ക് അവകാശങ്ങളെപ്പറ്റി ബോധം ഉണ്ടായി. അടിച്ചമർത്തപ്പെട്ടവരുടെ ചിന്ത വിപ്ലവങ്ങളിലേക്ക് വളർന്നു.

മനുഷ്യശക്തിയെപ്പറ്റി പതിനേഴാം നൂറ്റാണ്ടുമുതലേ ചിന്തകൾ ഉണ്ടായിരുന്നു. പ്രായോഗികമായി ആ ശക്തിയുടെ പരീക്ഷണം യൂറോപ്യൻ നവോത്ഥാന ഘട്ടത്തിലാണ് സംഭവിച്ചത് എന്നുപറയാം. പരിണാമശ്രേണിയിലെ ഏറ്റവും ഉയർന്ന ജീവിയായ മനുഷ്യന് ശാസ്ത്രത്തിന്റെ അത്ഭുതപൂർവമായ വളർച്ച നല്കിയ വിശ്വാസം മതങ്ങളെ തള്ളിപ്പറയാനും മനുഷ്യന്റെ കഴിവിൽ അഭിമാനിക്കാനും ബലംനല്കി. മനുഷ്യന് മതം

ആവശ്യമായിത്തീരുന്നതിന്റെ കാരണം യുക്തിചിന്തകർ വിശദീകരിച്ചിട്ടുണ്ട്. പ്രപഞ്ചത്തെക്കുറിച്ചുള്ള യാഥാർത്ഥ്യം, മരണത്തിന്റെ സത്യം ഇതൊക്കെ അജ്ഞാതമായിരിക്കുന്ന സ്ഥിതിയിൽ വേദനയനുഭവിക്കുന്ന മനുഷ്യന് ആശ്വാസമരുളുന്ന ഉദാത്തമായ ഒരു സങ്കൽപം തന്നെയാണ് ഈശ്വരൻ എന്നതാണത്. പക്ഷെ മൂല്യാധിഷ്ഠിതമായ മതം സ്ഥാപനവൽക്കരിക്കപ്പെടുന്നതോടുകൂടി ദൈവത്തിന്റെ അപരിമേയതയോടൊപ്പം മനുഷ്യന്റെ നിസ്സാരവത്കരണവും ഉദ്ഘോഷിക്കുന്നു. പുരോഹിതവർഗ്ഗം ഉപജാപത്തിന്റെയും അഴിമതിയുടെയും കെട്ടുപാടുകളിൽ വിലസുന്നു. ഈ സ്ഥിതി മാറുവാനും മാനുഷികവശങ്ങളെ ഉയർത്തിക്കാട്ടാനുമാണ് നവോത്ഥാന ചിന്തകർ യത്നിച്ചത്.

### കേരളീയ നവോത്ഥാനവും നാസ്തികനിലപാടുകളും

മതത്തെക്കാളധികം ജാതിയായിരുന്ന കേരളത്തിൽ നവോത്ഥാനത്തിനു തടസ്സമായി നിന്നത്. ജാതീയത കേരളത്തിന്റെ ശാപമാണെന്ന ബോധ്യം അവർണ്ണ ജനതയിലുണ്ടാക്കുവാനാണ് പരിഷ്കർത്താക്കൾ ശ്രമിച്ചത്. സംഘം ചേരുവാനും പ്രതികരിക്കുവാനും അവർ കീഴാളവർഗ്ഗത്തെ പഠിപ്പിച്ചു. വൈകുണ്ഠ സ്വാമികൾ, സഹോദരൻ അയ്യപ്പൻ, പൊയ്കയിൽ അപ്പച്ചൻ, ബ്രഹ്മാനന്ദ ശിവയോഗി , വി.ടി. ഭട്ടതിരിപ്പാട് മുതലായവർ തങ്ങളുടെ ചിന്തകളിൽ നിരീശ്വരവാദത്തിന്റെ സ്ഫുലിംഗങ്ങൾ ഉയർത്തിയിട്ടുണ്ട്. 'അച്ചണ്ട വെന്തീഞ്ഞ ഇന്നാ' (ടി.കെ.സി. വടുതല) എന്ന കഥയിൽ ആവിഷ്കരിക്കുന്നതുപോലെ മതം മാറിയാലും ജാതി മാറാത്ത സമൂഹമായിരുന്നു കേരളത്തിലേത്. ദുരാചാരങ്ങളുടെ വലകളിൽപെട്ട് പിടയുന്ന മത്സ്യങ്ങളായിരുന്നു കേരളത്തിലെ അവർണ്ണ ജനവിഭാഗം. മതങ്ങൾ ഒരേതട്ടുകളിൽ സഹവസിച്ചപ്പോൾ ജാതികൾ കൂടിയതും കുറഞ്ഞതുമായ അനേകം തട്ടുകളിൽ വിഭാഗീയത സൃഷ്ടിച്ചു കീഴാളജനതക്ക് ശരീരം കാർന്നുതിന്നുന്ന പുഴുക്കളും സവർണ്ണർക്ക് ജാതി ശരീരസംരക്ഷണത്തിനുള്ള കവചവുമായിത്തീർന്നു. ഈശ്വരൻ തങ്ങളുടെ ജാതിയെ സംരക്ഷിക്കുന്നില്ലെന്ന് ദളിതർക്ക് ബോധ്യമായപ്പോഴാണ് യുക്തിമാർഗ്ഗത്തിലേക്ക് അവർ തങ്ങളുടെ ചിന്തയെ തിരിച്ചുവിട്ടത്. നാസ്തികൃത്തിന്റെ ശക്തി പരിമിതമായിട്ടാണെങ്കിലും കേരളീയരെ അറിയിക്കാൻ ഈ സംരംഭങ്ങൾക്ക് കഴിഞ്ഞു.

1851-ൽ കണ്ണാടി പ്രതിഷ്ഠ നടത്തിയ വൈകുണ്ഠസ്വാമികൾ ശ്രീനാരായണ ഗുരുവിനും മുമ്പേ ജാതി ഒൻട്, മതം ഒൻട്, കുലം ഒൻട്, നീതി ഒൻട്... എന്നിങ്ങനെ ജനതയെ ബോധിപ്പിച്ചു. പന്തിഭോജനവും അവർണർക്കുള്ള കിണർ നിർമ്മാണവും (കുന്തിരിക്കിണർ) നിഴൽ താങ്കളും

(ക്ഷേത്രങ്ങൾ) തലപ്പാവുചൂടലുമൊക്കെക്കൊണ്ട് ആധുനികതയുടെ മനുഷ്യകേന്ദ്രിതമായ അംശങ്ങളെയാണ് സ്വാമികൾ ഉയർത്തിക്കൊണ്ടുവന്നതെന്നു കാണാം. പൂജയില്ലാത്ത ആ ക്ഷേത്രങ്ങളിലെ കളിമൺ പ്രസാദം ആര്യക്ഷേത്രങ്ങൾക്കൊരു വെല്ലുവിളിയായിരുന്നു. (മണ്ണ് അധ്വാനിക്കുന്നവന്റെ അടയാളം). ശ്രീനാരായണ ഗുരുവും ഒരു ജാതി ഒരുമതം എന്ന സന്ദേശത്തിലൂടെ അറിയിച്ചത് മനുഷ്യവംശത്തിന്റെ മഹിമയായിരുന്നു: കണ്ണാടി പ്രതിഷ്ഠ അവനവനിലെ ആത്മശക്തിയെ അറിയാനുള്ള മാർഗ്ഗമായി ജനതയ്ക്കു ബോധ്യപ്പെടുത്താൻ രണ്ടുപേരും യത്നിച്ചു. എല്ലാ നന്മകളും ചേർന്ന രൂപമായി ഈശ്വരനെ സങ്കല്പിക്കുന്നതുപോലെ മനുഷ്യനെയും അറിയാൻ ഇവർ ആവശ്യപ്പെട്ടു. 1836-ൽ ശുചീന്ദ്രത്ത് വൈകുണ്ഠസ്വാമികൾ സ്ഥാപിച്ച സമത്വ സമാജം ജനതയുടെ സമതയിലാണ് ശ്രദ്ധചെലുത്തിയത്. വിഗ്രഹാരാധനയ്ക്ക് വൈകുണ്ഠ സ്വാമികൾ എതിരായിരുന്നു. തുവയൽ പന്തി എന്ന പാഠശാല ആരംഭിച്ചതിലൂടെ ജ്ഞാനത്തിന്റെ വ്യാപനം സാദ്ധ്യമായി. ഊഴിയവേല (വേതനം കൂടാതെയുള്ള ജോലി) അവസാനിപ്പിക്കാനും ചാന്നാർ സ്ത്രീകളുടെ വസ്ത്രധാരണത്തിനുമുള്ള അവകാശം ഊട്ടിയുറപ്പിക്കാനുമെല്ലാം വൈകുണ്ഠസ്വാമികളെ സഹായിച്ചത് കണിശമായ ബുദ്ധിവൈഭവവും യുക്തിചിന്തയുമാണെന്നു കാണാം. ദേവീദേവന്മാരുടെ പ്രതിഷ്ഠയില്ലാത്ത അനേകം പതികൾ (ക്ഷേത്രങ്ങൾ) അദ്ദേഹം സ്ഥാപിച്ചു.

അടിമകളായി ജീവിച്ച പാരമ്പര്യം മാത്രമുള്ള ജനതയ്ക്ക് അവകാശങ്ങളെപ്പറ്റി ബോധ്യമുണ്ടാക്കുന്നതിനായി പ്രസംഗങ്ങളിലുടെയും ആത്മീയ പ്രവർത്തനങ്ങളിലൂടെയും കവിതയിലൂടെയും ശ്രമിച്ച പൊയ്കയിൽ ശ്രീകുമാരഗുരു ഒടുവിൽ നിരീശ്വരവാദിയായിത്തീർന്നു. ഗർഭിണികളായ സ്ത്രീകളെപ്പോലും പോത്തിനൊപ്പം നുകത്തിൻകീഴിൽ നിർത്തിയോടിച്ച് അവർ മരിച്ചുവീണ സംഭവങ്ങൾ, മാതാപിതാക്കളിൽനിന്നു മക്കളെ വേർപെടുത്തി വില്ക്കുന്ന അടിമസമ്പ്രദായം ഇതൊക്കെ സ്വന്തം സമുദായത്തിന്റെ ചരിത്രമാണെന്നു തിരിച്ചറിഞ്ഞ കുമാരഗുരു, ബൈബിളിലുള്ളത് അടിമകളുടെ ചരിത്രമല്ല എന്നു മനസ്സിലാക്കി. മികച്ച പ്രാസംഗികനായിരുന്ന അദ്ദേഹം ഹിന്ദുമതം മാർത്തോമാ സഭ, ബ്രദർ മിഷൻ, വേർപാട് സഭ തുടങ്ങി പല സംഘങ്ങളിലും പ്രവർത്തിച്ചെങ്കിലും എല്ലാവരും ദളിതനായിക്കണ്ട് അദ്ദേഹത്തെ പലപ്പോഴും അവഹേളിച്ചു. അദൃശ്യനായ ദൈവത്തെ പൂജിക്കുന്നതിൽനിന്നു മാറി പ്രത്യക്ഷ രക്ഷയ്ക്കു വേണ്ടി ഒരു സംഘം സ്ഥാപിക്കാൻ അദ്ദേഹം തീരുമാനിച്ചു. അതാണ് പിന്നീട് അഞ്ചുലക്ഷത്തോളം അംഗബലമുള്ള പ്രത്യക്ഷ രക്ഷാ ദൈവസഭയായി വികസിച്ചത്. അടിമവർഗ്ഗത്തിന്റെ മോചനത്തിനായി ജാതിരഹിത

സമൂഹം പടുത്തുയർത്തുക എന്ന സങ്കല്പമായിരുന്നു ഇതിനു പിന്നിലുള്ളത്.

ഒരിക്കൽ പ്രസംഗിച്ചുകൊണ്ടുനിന്നപ്പോൾ കുമാരഗുരു ഇങ്ങനെ ചോദിച്ചതായി പറയപ്പെടുന്നു. "പാപം, ശാപം, മരണം, വിധി, ദൈവകോപം, ന്യായവിധി ഇതിൽനിന്നു രക്ഷിക്കാൻ ബൈബിളിനാവുമോ? ബൈബിൾ വായിച്ച് രക്ഷപ്രാപിക്കാമെന്ന് നിങ്ങളാരെങ്കിലും കരുതുന്നുണ്ടെങ്കിൽ എഴുന്നേല്ക്കുക". ആരുമെണീറ്റില്ല. "എങ്കിൽ നിങ്ങളുടെ 'കൈവശമിരിക്കുന്ന ബൈബിൾ തീയിലേക്ക് ഇട്ടേക്കുവിൻ".

പഴയ നിയമം മുഴുവൻ വായിച്ചു ധ്യാനിച്ചിട്ടും
സത്യം ഞാനറിഞ്ഞില്ലല്ലോ
ലേഖനങ്ങൾ മുഴുവൻ വായിച്ചു ധ്യാനിച്ചിട്ടും
സത്യം ഞാനറിഞ്ഞില്ലല്ലോ?

വേദത്തിൽ ചേർന്ന ഒരു അവർണ്ണൻ മരിച്ചപ്പോൾ സവർണ്ണ ക്രിസ്ത്യാനികളുടെ ശ്മശാനത്തിലടക്കി. ഇതു മനസ്സിലാക്കിയ പുരോഹിതർ ശവം മാന്തിയെടുത്ത് പുറമ്പോക്കിൽ മറവുചെയ്തു. ഇത്തരം നിരവധി സംഭവങ്ങൾ കുമാരഗുരുവിന്റെ മനസ്സിനെ മഥിച്ചു. 'ബുദ്ധി ബോധങ്ങളെ ചൊല്ലിത്തരുവാൻ, ആരുമില്ലാ'ത്ത അവസ്ഥ അദ്ദേഹത്തെ കുഴക്കി. ഒരു മതത്തിലും സ്ഥാനം കിട്ടാത്ത സങ്കടമാണ് സ്വയം വിളക്കായി പ്രകാശം ചൊരിയാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

ദൈവത്തെ കണ്ടില്ലല്ലോ
ആത്മാവിനെ കണ്ടില്ലല്ലോ
ആത്മാവിനെയും ദൂതൻമാരെയും
കണ്ണുകൊണ്ട് കണ്ടില്ലല്ലോ
മോശയെ ഞാൻ കണ്ടില്ലല്ലോ
പ്രമാണം എനിക്കില്ലല്ലോ (പൊയ്കയിൽ അപ്പച്ചൻ )

മനസ്സാണ് ദൈവം എന്ന പക്ഷക്കാരനായിരുന്നു 'നിരീശ്വരവാദികളുടെ ഗുരു എന്നറിയപ്പെടുന്ന കാരാട്ട് ഗോവിന്ദമേനോൻ. ഇദ്ദേഹമാണ് ബ്രഹ്മാനന്ദ ശിവയോഗിയെന്ന പേരിൽ പ്രശസ്തനായിത്തീർന്നത്. മതത്തെയും വിഗ്രഹാരാധനയെയുമെതിർത്ത ഇദ്ദേഹം ആനന്ദമതമെന്ന പേരിൽ സ്വന്തമായി ഒരു മതം സ്ഥാപിച്ചു. മനസ്സിലെ ശാന്തി സ്വർഗ്ഗവും അശാന്തി നരകവുമാണ്. അല്ലാതെ വേറെ സ്വർഗ്ഗനരകങ്ങളില്ല. ഇത്തരത്തിലായിരിന്നു അദ്ദേഹം ചിന്തിച്ചിരുന്നത്. അഹിംസയാണ് എല്ലാ ധർമ്മങ്ങളിലും പ്രധാനമെന്നു കല്പിക്കുകയും സന്യാസിമാരെ 'ഉദരനിമിത്തം' എന്നു പരിഹസിക്കുകയുംചെയ്തു ഇദ്ദേഹം. ചലനവും മാറ്റവും

പ്രകൃതിയുടെ സ്വഭാവങ്ങളാണെന്നും പ്രകൃതി സ്വയംഭ്രവാണെന്നും ഇദ്ദേഹം വാദിച്ചു. പകിടയുരുട്ടുമ്പോൾ എണ്ണം ഭിന്നമാകുന്നതുപോലെ സത്വരജസ്തമോഗുണങ്ങൾ അനേകവിധത്തിൽ സംയോജിച്ച് പ്രപഞ്ചം പരിലസിക്കുന്നതായി അദ്ദേഹം പ്രസ്താവിച്ചു. മനസ്സെന്നാൽ സൂക്ഷ്മ ശരീരം തന്നെയാണെന്ന് അദേഹം കരുതി. പുനർജന്മത്തൽ വിശ്വ സിക്കാത്ത ശിവയേണ്ടിമതചടങ്ങുകളും ബിംബാരാധനയും നിഷേധിച്ചു.

ജീവൻ ഹിന്ദുവല്ലാ ജീവനഹോ
ബൗദ്ധ ജാതിയുമല്ലാ
ജീവൻ ക്രിസ്ത്യനമല്ല, ജീവനൊരു
ജാതിയില്ലാ സത്തല്ലോ
ഇല്ല ശരീരത്തിനും ചൊല്ലാൻ
ബൗദ്ധാദി ജാതിഭേദങ്ങൾ
എല്ലാം ഭൗതികമല്ലോ-
തല്ലാന്യോന്യമൊന്നുമില്ലല്ലോ (ശിവയോഗി)

ആനന്ദ വിമാനമെന്ന കൃതിയിൽ ദൈവത്തിന്റെ സന്നിധിയിൽത്തന്നെ അമംഗളമായ കാര്യങ്ങളുണ്ടാകുന്നതെന്തുകൊണ്ടെന്ന ചിന്തയുണ്ട്. മണ്ഡലകാല ആനയെഴുന്നെള്ളിപ്പിൽ ആനവിരളുന്നതും കമ്പംപൊട്ടി ആളുകൾ മരിക്കുന്നതുമൊക്കെ ദൈവമുണ്ടെങ്കിൽ സംഭവിക്കുമോ എന്നാണ് അദ്ദേഹം ചോദിക്കുന്നത്. മനസ്സ് ശുദ്ധമാക്കി വയ്ക്കാൻ യോഗി ഉപദേശിച്ചു. മറ്റു സാമൂഹ്യപരിഷ്കർത്താക്കളേക്കാൾ തീവ്രമായി നാസ്തിക വാദമുന്നയിച്ച വ്യക്തിയായിരുന്നു ശിവയോഗി. ശാന്തമായ മനസ്സാണ് പ്രപഞ്ചത്തിലെ ഏറ്റവും ശുദ്ധമായ വസ്തു എന്ന് യോഗി വിശ്വസിച്ചു. പക്ഷേ ശിവയോഗിയുടെ ആനന്ദമതത്തിനും കൃതികൾക്കും കേരളീയ രുടെയിടയിൽ അധികം പ്രചാരം കിട്ടിയില്ല.

എല്ലാ മതങ്ങളുടെയും ധർമ്മതത്ത്വവും ആസ്തികന്മാരുടെയും നാസ്തി കന്മാരുടെയും പൊതുവായ ആദർശവും മനുഷ്യരുടെ സാഹോദര്യമാ ണെന്ന് അയ്യപ്പൻ പറഞ്ഞിട്ടുണ്ട്. സഹോദരനെന്ന പേരിലുള്ള പത്രം അതിന്റെ പ്രകാശനമാണ്. ദൈവവിഗ്രഹങ്ങളെ പരിഹസിക്കുകയും കൊടുങ്ങല്ലൂർ ഭരണിപ്പാട്ടിനെതിരേ ആഞ്ഞടിക്കുകയുംചെയ്ത അയ്യപ്പൻ ജാതിവേണ്ട, മതംവേണ്ട, ദൈവംവേണ്ട മനുഷ്യന് എന്ന് പ്രസ്താവിച്ചു. വഴിപാടുകളെ എതിർക്കുകയും ശാസ്ത്രവിഷയങ്ങളെ സ്വാഗതം ചെയ്യു കയുംചെയ്തു. അയ്യപ്പൻ നാസ്തികനാണെന്ന് ആരോ ശ്രീനാരായണ ഗുരുവിനോട് പരാതിപറഞ്ഞപ്പോൾ അയ്യപ്പന്റെ ചെയ്തികളിൽ ആസ്തിക്യമുണ്ടെന്ന് ഗുരു മറുമൊഴിനല്കി. 'മാനവസേവ മാധവസേവ'

എന്നും 'ദൈവസ്നേഹം മാനവസേവന'ത്തിൽ എന്നുമൊക്കെ പറയുന്ന കർമ്മപദ്ധതി തന്നെയാണിത്. 1929-ൽ യുക്തിവാദി എന്ന പേരിൽ മാസിക തുടങ്ങിയതും അയ്യപ്പന്റെ പുരോഗമന ചിന്തയുടെ സൂചകമാണ്. മിശ്രഭോജനത്തിനു പിന്നിലെ അടിസ്ഥാനതത്ത്വവും സാഹോദര്യം തന്നെ. സയൻസ് ദശകം എന്ന കൃതി ശാസ്ത്രത്തിന്റെ മാഹാത്മ്യം ജനങ്ങളിലേക്കെത്തിക്കാനുള്ള മാർഗ്ഗമായിരുന്നു. മിശ്രവിവാഹം നടത്താൻ സഹായിക്കുന്നതിലൂടെ മതചിന്തകളുടെ ശിഥിലീകരണം സാധ്യമാകുമെന്ന് അദ്ദേഹം കരുതി.

ഗാന്ധിസത്തെ എതിർക്കുകയും ഗാന്ധിയെ ബഹുമാനിക്കുകയും ചെയ്തതിലെ വൈരുദ്ധ്യവും അയ്യപ്പന്റെ യുക്തിചിന്തയോട് ചേർത്തുവായിക്കേണ്ടതാണ്. നിരീശ്വരവാദപരമായ ബുദ്ധമതത്തോടായിരുന്നു അദ്ദേഹത്തിനു ചായ്‌വ്. ബുദ്ധമതം സ്വീകരിക്കാൻ ജനങ്ങളോട് അയ്യപ്പൻ ആഹ്വാനംചെയ്തു. കേരളീയർ ലെനിനെപ്പറ്റിയും റഷ്യൻ വിപ്ലവത്തെപ്പറ്റിയുമൊക്കെ 'സഹോദരൻ' പത്രത്തിലൂടെയാണറിഞ്ഞത്. കമ്മ്യൂണിസം സമത്വാധിഷ്ഠിതലോകത്തെ സമ്മാനിക്കുമെന്ന ദീർഘവീക്ഷണമായിരുന്നു ഇതിനു പിന്നിലുള്ളത്.

'ഇനി നാം അമ്പലങ്ങൾക്കു തീകൊളുത്തുക' എന്ന് ആഹ്വാനം ചെയ്ത പുരോഗമന ചിന്തകനാണ് വി.ടി. ഭട്ടതിരിപ്പാട്. അഹംഭാവംകൊണ്ട് തലയുയർത്തി നിൽക്കുന്ന പള്ളികളും അമ്പലങ്ങളും അന്ധവിശ്വാസത്തിന്റെ ശവക്കല്ലറകളാണെന്നാണ് വി.ടി. അഭിപ്രായപ്പെടുന്നത്. "ഒരാൾ പ്രേതത്തെ കണ്ടുവോ ആലിന്റെ മുകളിൽ ഈശ്വരനെ കണ്ടുവോ എന്നതൊക്കെ വാസ്തവത്തിൽ നമ്മെ പറ്റിക്കാനുള്ള ഒരുതരം വിദ്യകളാണ്. അതു പ്രചരിപ്പിക്കുന്നവർക്കുമറിയാം മറ്റുള്ളവർക്കുമറിയാം അതൊന്നുമില്ലാത്തതാണെന്ന്. അങ്ങനെ ചിലത് അവലംബിച്ചാൽ എത്ര വലുതാകും തന്റെ പ്രഭാവം എന്നറിയാമോ? അത്തരം കുറേ അന്ധവിശ്വാസങ്ങൾ പുലർത്തിയില്ലെങ്കിൽ അവർക്ക് സമൂഹത്തിൽ പിന്നെ സ്ഥാനമില്ല. കിട്ടി വരുന്ന അല്ലറചില്ലറ നേട്ടങ്ങളും നഷ്ടപ്പെടും." താൻ ശാന്തിക്കാരനായി തുടർന്നെങ്കിൽ വച്ചുകഴിഞ്ഞ നിവേദ്യം പാവങ്ങൾക്കു കൊടുക്കുകയും തിരുവുടയാട അർദ്ധനഗ്നർക്ക് ചീന്തിക്കൊടുക്കുകയും ധൂപം അമ്പലത്തിലെ പെരുച്ചാഴി വർഗ്ഗങ്ങളെ (പട്ടർ, നമ്പൂതിരി തുടങ്ങിയവരെ ഉദ്ദേശിച്ച്) ഓടിക്കാനുപയോഗിക്കുകയും ചെയ്യുമെന്ന് 1933 ഏപ്രിൽ 28-ാംനു ഇറങ്ങിയ ഉണ്ണി നമ്പൂതിരിയിൽ അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. മതമെന്നത് ആചാരങ്ങൾ മാത്രമാവുകയും ഒടുവിൽ അനാചാരമായിത്തീരുകയും ചെയ്യുമ്പോൾ അധർമ്മത്തിന്റെ

വിളയാട്ടം തുടങ്ങുന്നതായി തോന്നിയതിനാലാണ് വൈദികവൃത്തി ശീലമാക്കിയിരുന്ന വി.ടി.യ്ക്ക് കാലത്തോട് നീതികാട്ടുവാൻ പരിഷ്കർത്താവായി മാറേണ്ടി വന്നത്. 'സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു' എന്ന പുസ്തകശീർഷകംതന്നെ ഇതിനുദാഹരണമാണ്.

പ്രാചീന ഭാരതീയ മൂല്യങ്ങൾ സവർണ്ണതയെ അധികരിച്ചു രൂപപ്പെട്ടവയായതിനാൽ നവോത്ഥാന കാലത്ത് നവചിന്തകളുടെ രൂക്ഷതയിൽ അനാചാരദൂരീകരണത്തിനുള്ള മാർഗ്ഗമായിരുന്നു. തങ്ങളെ സഹായിക്കാത്ത ദൈവത്തെ തങ്ങളുടെ സമൂഹത്തിനാവശ്യമില്ലെന്ന് അവർണ്ണ സമുദായങ്ങൾ ഒറ്റക്കെട്ടായി പറഞ്ഞുതുടങ്ങി. ദൈവമെന്നത് മനുഷ്യമനസ്സുകളുടെ ആകെത്തുകയാണെന്ന വിവേകാനന്ദ ദർശനമായിരുന്നു പുതുചിന്തകരെ ആശ്ലേഷിച്ചിരുന്നത്. ആസ്തികരായ ശ്രീനാരായണ ഗുരുവും വിവേകാനന്ദനുമൊക്കെസദ്പ്രവൃത്തികളിൽ ഈശ്വരനെ കണ്ടവരാണ്. അഭൗമശക്തിയിലല്ല; ഭൗതികാസ്തിത്വമുള്ള 'കർതൃത്വങ്ങളിലാണ് ആധുനികതയുടെ വിചാരധാര സഞ്ചരിക്കുന്നത്. അവർണ്ണ സമുദായങ്ങളുടെ അവകാശ സംരക്ഷണത്തിനുവേണ്ടി പോരാട്ടങ്ങൾ തുടർന്ന കാലഘട്ടത്തിൽ ജാതിയെശോഷിപ്പിക്കുന്ന ഇത്തരം നാസ്തികയുക്തിക്ക് പ്രാമുഖ്യമുണ്ടായിരുന്നു. ക്ഷേത്രമല്ല, വ്യവസായ സ്ഥാപനങ്ങളും വിദ്യാലയങ്ങളുമാണിനി വേണ്ടതെന്ന ഉൾക്കാഴ്ച നവോത്ഥാനത്തിന്റേതായിരുന്നു. വെളിച്ചം കടക്കാത്ത വാസ്തുരീതിയിൽനിന്ന് ആധുനികതയുടെ വാസ്തുവിദ്യയിലേക്കുള്ള പരിവർത്തനം കൂടിയായിരുന്നു അത്.

നവോത്ഥാനത്തിനുശേഷം കേരളത്തിലെ കീഴാളജനങ്ങളുടെ അവകാശം സംരക്ഷിക്കപ്പെട്ടു. ജാതി സമൂഹങ്ങളുടെ ദൈവസങ്കല്പങ്ങൾ സംരക്ഷിക്കപ്പെടുകയോ ആര്യവത്കരിക്കപ്പെടുകയോചെയ്തു. ഈ കാലഘട്ടത്തിന്റെ തുടർച്ചപോലെ കേരളത്തിൽ യുക്തിവാരതമാണ്. മതത്തിനും ജാതിക്കുമതീതമായി മനുഷ്യനന്മ ലാക്കാക്കി യുക്തിബോധത്തോടെ പ്രവർത്തിക്കാൻ ചെറുതെങ്കിലും ശക്തമായ അടിത്തറ ഇത്തരം സംഘടനകൾ ഒരുക്കുന്നുണ്ട്.

ഗ്രന്ഥസൂചി

I. ഉണിത്തിരി. എൻ.വി.പി. ഡോ., ഭാരതീയ ദർശനത്തിന്റെ അറിയപ്പെടാത്ത മുഖം, മൈത്രി ബുക്സ് , തിരുവനന്തപുരം, 2007.
2. ടി.എച്ച്.പി. ചെന്താരശ്ശേരി, പൊയ്കയിൽ അപ്പച്ചൻ, മൈത്രി ബുക്സ്, തിരുവനന്തപുരം, 2017.
3 ഡേവീസ് ഇ.ഡി. (എഡി.), കേരള നവോത്ഥാനവും യുക്തിചിന്തയും, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, 2016.

4 മുരളീധരൻ പി. ഡോ., ശൂദ്രനും സ്ത്രീയും ഭഗവദ്ഗീതയും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2013.

5 രവീന്ദ്രൻ പി.പി., ആധുനികതയുടെ പിന്നാമ്പുറം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം 2017.

6 സോമൻ നട്ടാശ്ശേരി, നവോത്ഥാന ചരിത്രത്തിലെ ഇതിഹാസങ്ങൾ, ഡോൺ ബുക്സ്.